പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:897 — 02.12.15 ൽ മറുപടിക്ക്

# വൈപ്പിൻ മണ്ഡലത്തിലെ കൽച്ചിറകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പൂർണ്ണമായും കടലും കായലും വലയം ചെയ്തിരിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, കുഴുപ്പിള്ളി,എടവനക്കാട്, നായരമ്പലം,ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ എന്നീ പഞ്ചായത്തുകളിൽ കാലഭേദമില്ലാതെ കരയിലേയ്ക്ക് വെള്ളം കയറുന്നത് തടയുവാൻ കൽച്ചിറകൾ കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) രൂക്ഷമായപ്രശ്നങ്ങൾ നേരിടുന്ന പ്രസ്തുത പ്രദേശങ്ങളിൽ കൽച്ചിറ കെട്ടുന്നത് സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; | (ബി) ലഭിച്ചിട്ടുണ്ട്. |
| (സി) കൽച്ചിറ കെട്ടുന്നതിന് പ്രസ്തുത മേഖലയിൽ ഇതുവരെ ഏതൊക്കെ പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) (see table below) |

| മേഖല | അനുവദിച്ച തുക |
|---|---|
| വെളിയത്താൻ പറമ്പ്, നായരമ്പലം | 13.00 ലക്ഷം |
| അണിയിൽ, എടവനക്കാട് (between CP stone 4060& 4062) | 11.20 ലക്ഷം |
| പഴങ്ങാട്, എടവനക്കാട് | 7.49 ലക്ഷം |
| പുത്തൻ കടപ്പുറം, നായരമ്പലം | 5.60 ലക്ഷം |
| എടവനക്കാട്, വൈപ്പിൻ ദ്വീപ് (15 ലക്ഷം രൂപ വീതമുള്ള രണ്ടു പ്രവൃത്തികൾ) | 30.00 ലക്ഷം |
| അണിയിൻ എടവനക്കാട് (between CP stone 1129&1130) | 15.00 ലക്ഷം. |

| | | | |
|---|---|---|---|
| (ഡി) | നടപ്പുവർഷം പ്രസ്തുത മേഖലയിൽ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | (ഡി) | മേൽ പരാമർശിച്ചിരിക്കുന്ന എല്ലാ പ്രവൃത്തികളും പല പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും കോൺട്രാക്ടർമാർ ആരും തന്നെ ഏറ്റെടുക്കാത്തത് കാരണം ടി പ്രവൃത്തികൾ ഒന്നും തന്നെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഈ പ്രവൃത്തികൾ എല്ലാം തന്നെ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ